بسم الله الرحمن الرحيم

# FOR THE ATTENTION OF AHMADI BROTHERS AND SISTERS
# അഹ്മദി സഹോദരീ സഹോദരന്മാർ ശ്രദ്ധിക്കുമോ ?

## A LESSON TAUGHT TO THE AHMADIS IN THE UK AND STRENGTHENING OF BONDS
## യു.കെ. അഹ്മദികൾക്ക് ഒരു പാഠം നൽകുകയും, അവരുമായുള്ള ബന്ധത്തിന് ശക്തിപകരുകയും ചെയ്യുന്നു.

അൽഹംദുലില്ലാഹ് ! അവരുമായുള്ള ദഅ്‌വാ മിഷൻ-ന്റെ ഭാഗമായി, ഖലീഫത്തുല്ലാഹ്‌യും കുടുംബാംഗങ്ങളും, ഒരു അഹ്മദിയ്യാ മുസ്‌ലീം പള്ളിയിൽ പോകുവാനുള്ള അവസരമുണ്ടായി. അവിടെ ഖലീഫത്തുല്ലാഹ്‌യോട് വളരെ വലിയ വിരോധം പ്രകടമാക്കിയ കുറേ അഹ്മദീ മുസ്‌ലീംങ്ങളെ അഭിമുഖീകരിക്കുകയുണ്ടായി. അവരോട് സലാം പറഞ്ഞിട്ട് തിരിച്ചു മടക്കുകയുണ്ടായില്ല. അവരുടെ പെരുമാറ്റത്തെക്കുറിച്ച്, അവർക്കൊരു ക്ലാസ് എടുക്കുകയുണ്ടായി; **''എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്''** എന്ന സുപ്രസിദ്ധ സന്ദേശത്തിന് ഒട്ടും യോജിക്കുന്നതല്ല നിങ്ങളുടെ പെരുമാറ്റം എന്നവരെ ഉണർത്തുകയുണ്ടായി. ഹുസൂർ (അ) ന്റെ ക്ലാസിന് ശേഷം അവരുടെ തെറ്റ് അവർ അംഗീകരിച്ചു. യഥാർത്ഥ സാഹോദര്യത്തോടെ അവർ ഹുസൂറിനെ ആലിംഗനം ചെയ്തു. അനിസ്‌ലാമികമായ അവരുടെ പ്രകടനത്തിന് സാക്ഷ്യം വഹിച്ചിരുന്ന മറ്റുള്ളവരും **(സലാം പറയുകയും മടക്കുകയും ചെയ്യാതിരിക്കുക എന്നതും പള്ളിയിൽ അതിഥികളെ സ്വീകരിക്കാതിരുന്നതും)** മാപ്പുചോദിക്കുകയും, ഹുസൂറിന്റെയും കുട്ടികളുടെയും ദീർഘായുസിനുവേണ്ടി അവർ ദുആ ചെയ്യുകയും ചെയ്തു. ഹുസൂർ അവർക്ക് പകർന്ന് നൽകിയ പാഠം നല്ല നിലയിൽ ഉൾക്കൊള്ളുകയും, അപ്പോൾ മുതൽ അവർ വളരെ ആദരപൂർവ്വം പെരുമാറുകയും, ഹുസൂറിനും കുടുംബത്തിനും പള്ളിയിലേക്ക് ഏതു സമയത്തും വരാമെന്നും, അതുപോലെ ഹുസൂറിനും കുടുംബത്തിനും താമസിക്കുവാൻ പള്ളിയിൽ ഒരു സ്ഥലം എല്ലാവിധ സൗകര്യങ്ങളോടെയും നൽകാമെന്നും പറയുകയുണ്ടായി. പള്ളിയുടെ **'വാതിൽ കോഡ്'** നൽകാമെന്നു പറയുകയും, അങ്ങനെയായാൽ, വീണ്ടും വരുവാൻ ആഗ്രഹിക്കുമ്പോൾ, ഏത് സമയത്തും വരുന്നതിന് ഒരു പ്രശ്നവും ഉണ്ടാവുകയില്ല എന്നും പറയുകയുണ്ടായി. അൽഹംദുലില്ലാഹ് ! സുമ്മ അൽഹംദുലില്ലാഹ് ! ഹുസൂർ (അ) വികാരഭരിതനായി തീർന്നു; കാരണം തന്റെ പ്രബോധനം പാഴായിപ്പോയില്ലല്ലോ എന്നോർത്ത് !

യു.കെ.യിലെ ചില അഹ്മദികൾ ഹുസൂർ (അ) നെയും കുടുംബത്തെയും അറിയിക്കുകയുണ്ടായി. ഈ പള്ളി താമസിയാതെ പൊളിച്ചുമാറ്റുമെന്നും പകരം പുതിയ ഒരു പള്ളി നിർമ്മിക്കുന്നതാണെന്നും. ഹുസൂർ (അ) പിന്നീട് ഒരു ചെറിയ സദസ്സിൽ, പള്ളിയിൽ വച്ച് ദുആ ചെയ്യുകയുണ്ടായി ; അല്ലാഹുവിനോട് കേണപേക്ഷിക്കുകയുണ്ടായി. ഒരിക്കൽ എല്ലാ സത്യവാന്മാരും, നിഷ്കളങ്കരുമായ അഹ്മദീ മുസ്‌ലീംകൾ, ദൈവീക ദൃഷ്ടാന്തം മനസ്സിലാക്കുകയും, അദ്ദേഹത്തിന്റെ ആഗമനം അവർക്ക് വേണ്ടിയാണെന്നും, ഒരു നിഷ്കളങ്ക സഹോദരൻ എന്ന നിലയിലും, ഈ കാലത്തിലെ പരിഷ്ക്കർത്താവ് എന്ന നിലയിലുമാണ് എന്നും മാത്രമല്ല മുഴുവൻ മനുഷ്യകുലത്തിനും വേണ്ടിയാണ് എന്നതും സത്യമാണ് എന്നവർ മനസ്സിലാക്കുന്നതാണ് ! ഇൻശാ അല്ലാഹ്!

---

**Jamaat Ul Sahih Al Islam**
**Kerala, South Zone**

**R. Jamaludin Raother**
**Amir**
**Mob: 9447001832**